# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4157
13-12-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ച്**

| **ചോദ്യം**<br>**ശ്രീ.എ.പി. അനിൽ കുമാർ** | **മറുപടി**<br>**ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| എ) സാലറി ചലഞ്ചിന്റെ കാര്യത്തിൽ കേരള ഹൈക്കോടതിയും സുപ്രീംകോടതിയും നൽകിയ ഉത്തരവുകൾ എന്താണെന്ന് വ്യക്തമാക്കുമോ; സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ അവ്യക്തതമൂലം നവംബർ ഒന്നുമുതൽ ശമ്പളവിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; | പ്രളയദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വരവ് ചെയ്യുന്നതിന് പുറപ്പെടുവിച്ച ജി.ഒ 144/2018/ധന തീയതി 11.09.2018 ലെ ഉത്തരവിലെ clause (10) പ്രകാരം ഒരു മാസത്തെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർ വിസമ്മത പ്രസ്താവന നൽകണമെന്ന മാർഗ്ഗനിർദ്ദേശത്തിൽ നിർബന്ധത്തിന്റെ ധ്വനി ഉണ്ട് എന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി clause സ്റ്റേ ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ബഹു.സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ പെറ്റിഷനിൽ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിസമ്മതപത്രം ഒഴിവാക്കി ജീവനക്കാരിൽ നിന്നും സമ്മത പ്രസ്താവന വാങ്ങി സാലറി ചലഞ്ചിൽ പങ്കെടുക്കുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന സർക്കുലർ നം.99/18/ധന തീയതി 31.10.2018 പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി |

| | |
|---|---|
| | ബന്ധപ്പെട്ട് നവംബർ ഒന്നുമുതലുള്ള ശമ്പളവിതരണത്തിൽ തടസ്സം ഉണ്ടായിട്ടില്ല. |
| ബി)ഒരു മാസത്തിൽ കുറഞ്ഞ തുക ഓഫീസ് മുഖാന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് നിലവിലുള്ള ഉത്തരവ് പ്രകാരം ജീവനക്കാർക്ക് സാധിക്കുമോ; | സാധിക്കും.<br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളത്തിൽ കുറഞ്ഞ തുക സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്ന ജീവനക്കാർക്ക് ട്രഷറിയിലും ബാങ്കിലുമുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ അക്കൗണ്ടുകളിലേക്ക് നേരിട്ടും ഓൺലൈൻ വഴിയും സംഭാവന നൽകാവുന്നതാണ്. |
| സി)ഇല്ലെങ്കിൽ അതിനായുള്ള അവസരം ജീവനക്കാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ